പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **5629** — 02.07.2014-ൽ മറുപടിക്ക്

**പോഷക പുനരധിവാസ കേന്ദ്രം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ :<br>,, ജി. എസ്. ജയലാൽ :<br>,, ചിറ്റയം ഗോപകുമാർ :<br>,, വി. ശശി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെല്ലാം കേന്ദ്രങ്ങളിൽ പോഷക പുനരധിവാസ കേന്ദ്രങ്ങളുണ്ട് ; | (എ) പാലക്കാട് ജില്ലയിൽ അട്ടപ്പാടി ബ്ലോക്കിൽ സാമൂഹികാരോഗ്യ കേന്ദ്രം അഗളി, പുതൂർ, ഷോളയൂർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. |
| (ബി) ഈ കേന്ദ്രങ്ങളിലെല്ലാംകൂടി മൊത്തം എത്ര കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ബി) മൂന്നിടത്തും കൂടി 27.06.2014 -വരെ 205 കുട്ടികൾക്ക് ചികിത്സ നൽകി. |
| (സി) പ്രത്യേകം പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും കുറവുമൂലം ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം പ്രതിസന്ധിയിലായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം പ്രതിസന്ധിയിൽ ആയിട്ടില്ല. പരിശീലനം കിട്ടിയ ഡോക്ടർമാരും ജീവനക്കാരും തന്നെയാണ് ഇവിടെ ജോലി ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ